


# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എ.എൽ.പി.സി.എസ്
## കൊറ്റനെല്ലൂർ

## 2025-2026



## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : തൃശ്ശൂർ |
| സ്കൂൾ കോഡ് | : 23515 |
| സ്കൂളിന്റെ പേര് | : എ.എൽ.പി. ചർച്ച്. സ്കൂൾ കൊറ്റനെല്ലൂർ |
| മേൽ വിലാസം | : കൊറ്റനെല്ലൂർ പി.ഒ തൃശ്ശൂർ ജില്ല |
| പിൻകോഡ് | : 680662 |
| ഫോൺ നമ്പർ | : 8304983267 |
| ഇ-മെയിൽ അഡ്രസ്സ് | : alpcskottanellour@gmail.com |
| ഗ്രാമ പഞ്ചായത്ത് | : വേളൂക്കര ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : ഇരിങ്ങാലക്കുട |
| സബ് ജില്ല | : മാള |
| ക്ലാസ്സുകൾ | : ഒന്നു മുതൽ നാലു വരെ |
| മാനേജ്മെന്റ് | : എയ്ഡഡ് |
| പഠന മാധ്യമം | : ഇംഗ്ലീഷ് |
| ബി.ആർ.സി | : വെള്ളാങ്കല്ലൂർ |
| you tube | : alpcs kottanellour |

# ALPCS KOTTANELLOUR

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

"മനുഷ്യനിലുള്ള സമ്പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം" എന്ന സ്വാമി വിവേകാനന്ദന്റെ ദാർശനികവും ഒരു ശിശുവിന്റെ ശരീരത്തിലും മനസിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം. എന്ന മഹാത്മാഗാന്ധി ദീർഘവീക്ഷണവും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ഇതിനെ അടിവരയിട്ടു കൊണ്ടു തന്നെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിലും കലാസാഹിത്യ അഭിരുചി വളർത്തുന്നതിലും അതിപ്രധാന പരിഗണനയാണ് നമ്മുടെ വിദ്യാലയം നൽകൊണ്ടിരിക്കുന്നത്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിന്റെ എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയാറാക്കി നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇതും നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

## കാഴ്ചപ്പാട്

★ പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

★ ശുചിത്വം, ദിനാചരണങ്ങൾ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

★ പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

★ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

★ പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

★ ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയാറെടുപ്പുകളും ഉറപ്പാക്കൽ.

# ലക്ഷ്യങ്ങൾ

→ ഓരോ വിദ്യാർത്ഥിക്കും പഠനപ്രവർത്തനവും വിദ്യാലയാന്തരീക്ഷവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

→ വിദ്യാലയത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

→ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

→ വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

→ ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്നതിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.

→ പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

→ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സ്വതന്ത്ര അന്തരീക്ഷത്തിൽ മികച്ചതും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

# വിദ്യാലയ ചരിത്രം

"മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടും "വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്" എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തവും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ഇതിന് അടിവരയിട്ടുകൊണ്ടുതന്നെ കുട്ടികളുടെ സ്വഭാവ രൂപവൽക്കരണ കാര്യത്തിലും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിലും കലാസാഹിത്യ അഭിരുചി വളർത്തുന്നതിലും അതിപ്രധാന പരിഗണനയാണ് നമ്മുടെ വിദ്യാലയം നൽകിക്കൊണ്ടിരിക്കുന്നത്.

അച്ചടക്ക ബോധവും സേവന തൽപ്പരതയും വളർത്തിയെടുക്കുവാൻ സഹായകമായ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന തല പരീക്ഷകൾ, സ്കോളർഷിപ്പുകൾ, ജില്ലാ ഉപജില്ലാതല മത്സരങ്ങൾ, കലോത്സവങ്ങൾ, പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഈ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും ഉന്നത വിജയം കരസ്ഥമാക്കാറുണ്ട്. 2016 ലെ മാള ഉപജില്ലാ ബെസ്റ്റ് സ്കൂൾ ആയി ഈ വിദ്യാലയം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ശിശു സൗഹൃദ വിദ്യാലയാന്തരീക്ഷം, സ്കൂൾ കെട്ടിടം, ടോയ്‌ലറ്റ് സൗകര്യം, വാഹന സൗകര്യം, കളിസ്ഥലം, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം,

മനോഹരമായ പാർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഈ വിദ്യാലയത്തിലുണ്ട്.

കൊറ്റനെല്ലൂർ പ്രദേശത്തെ സാധാരണക്കാരെയും അവരെയും പ്രബുദ്ധരാക്കാൻ ഈ വിദ്യാലയം വഹിച്ച പങ്ക് നിസ്തുലമാണ്. വിദ്യാഭ്യാസ മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും യുക്തമായി ഉൾക്കൊള്ളുകയും ചെയ്യുന്ന പാരമ്പര്യമാണ് ഈ വിദ്യാലയം വളർന്നു വരുന്നത്. ഒരു സൗഹാർദ്ദത്തിലൂന്നി നാടിന്റെ സർവോന്മുഖമായ വളർച്ചയുടെ കേന്ദ്രബിന്ദുവായി ഈ വിദ്യാലയം നാൾക്കുനാൾ മേൽക്കുമേൽ ഉയർന്നു കൊണ്ടിരിക്കുന്നു.

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ മാള_ഉപജില്ലയിൽപ്പെട്ട എ. എൽ. പി. സി. എസ് 110 വർഷം പിന്നിടുമ്പോൾ ഒട്ടനവധി വിദ്യാർത്ഥികൾക്ക് ജീവിതത്തിന്റെ വഴിത്താരയിൽ സധൈര്യം മുന്നേറുവാൻ കൈത്താങ്ങായി മാറിയിട്ടുണ്ട്. 2025-26 അക്കാദമിക വർഷത്തിൽ ആറോളം വരുന്ന വിവിധ നിലവാരത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അറിവിന്റെ ജാലകം തുറക്കാൻ തയ്യാറായി കഴിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ മാസ്റ്റർ പ്ലാൻ രൂപപ്പെട്ടിരിക്കുന്നത്.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

* മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
* വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നു.
* അധ്യാപകരും കുട്ടികളും മാതാപിതാക്കളും ചേർന്ന് പ്രവർത്തിക്കുന്നു.
* വിദ്യാലയത്തിൽ പ്രവേശന നിരക്ക് കൂടുന്നു.
* സാമൂഹിക പിന്തുണ ലഭിക്കുന്നു.

## മോണിറ്ററിംഗ് രീതി

* പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, എന്നിവരുടെ നേതൃത്വത്തിൽ സോഷ്യൽ മോണിറ്ററിംഗ്
* ദൈനംദിന മോണിറ്ററിംഗ്, എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ.
* ഉദ്യോഗസ്ഥതലത്തിൽ മോണിറ്ററിംഗ്.

## സാമൂഹികം

* പി.ടി.എ. ശക്തിപ്പെടുത്തൽ
* ഗ്രന്ഥശാലകൾ, പൂർവ്വ അധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ.
* ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
* വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
* വിദ്യാലയ മികവുകൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.
* പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികളും അക്ഷരങ്ങൾ പരിചയപ്പെടൽ | റ, ര, ത, ന, വ, പ, ല, ക, ട എന്നീ അക്ഷരങ്ങൾ ചിത്രങ്ങളുമായി മാറ്റിക്കൊണ്ട് കുട്ടികളിൽ അക്ഷരങ്ങൾ ഹൃദ്യസ്ഥമാക്കൽ | I, II | ജൂൺ ജൂലൈ | ടീച്ചർ |
| എല്ലാ കുട്ടികളും പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറിയ വാക്യങ്ങൾ പറയാനും എഴുതാനും കഴിവ് നേടുന്നു. | സചിത്ര നോട്ട് ബുക്ക്, സചിത്ര ഡയറി എന്നിവ എഴുതുന്നു. | I, II | ആഗസ്റ്റ് സെപ്തംബർ | ടീച്ചർ കുട്ടികൾ |
| അടിസ്ഥാന ഭാഷാശേഷി വികസനം | ഭാഷാകളരി കുട്ടികളിൽ പാട്ടുകളും കഥകളുമായി കൂടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | I, II | സെപ്തംബർ ഒക്ടോബർ | ടീച്ചർ കുട്ടികൾ |

| | | | | |
|---|---|---|---|---|
| വായനോപകരണശില്പശാല | 1, 2 ക്ലാസ്സിലേക്കാവശ്യമായ വായനോപകരണങ്ങൾ നിർമ്മിക്കുന്നു | I, II | ജൂൺ ജൂലൈ | രക്ഷിതാക്കൾ |
| ആശയക്രമീകരണത്തോടെ ഭാഷണം മെച്ചപ്പെടുത്താൻ കഴിവ് നേടുന്നു. | വായനാനുഭവം ആശയങ്ങൾ കഥ, വിവരണം സംഭാഷണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു | I, II | ആഗസ്റ്റ് സെപ്റ്റംബർ | ടീച്ചർ കുട്ടികൾ |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | വായനയുടെ മെച്ചത്തിലൂടെ രചനയിലേക്ക് നയിക്കുന്നു രചനാക്യാമ്പുകൾ ലഘുവായനക്കുറിപ്പുകൾ തയ്യാറാക്കൽ | II | ഒക്ടോബർ നവംബർ | ടീച്ചർ കുട്ടികൾ |
| സർഗാത്മകതയെ തിരിച്ചറിയുന്നതിനും | കുട്ടികൾ എഴുതിയ കഥ, കവിത എന്നിവ അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കൽ | II, III, IV | ഡിസംബർ ജനുവരി | കുട്ടികൾ |

| | | | | |
|---|---|---|---|---|
| കാവ്യോത്സവം | കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് പാഠഭാഗത്തിലെ കവിതകൾക്ക് ഈണമിട്ടും താളക്രമം കണ്ടെത്തി അവതരിപ്പിക്കുന്നു. വ്യത്യസ്തമായ ഈണങ്ങൾ കണ്ടെത്തി കുട്ടികൾ തിരിച്ചറിയുന്നു. താളബോധം വർധിക്കുന്നു. | III, IV | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | ടീച്ചർ കുട്ടികൾ |
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | പുസ്തകമേളയും പ്രദർശനവും കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | III, IV | ജൂലായ് മുതൽ ഡിസംബർ വരെ | ടീച്ചർ |

| | | | | |
|---|---|---|---|---|
| വായനാ പരിപോഷണം | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>ക്ലാസ്സ് വായനാക്കൂട്ടം<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ആനുകാലിക വായന | I, II, III, IV | വർഷം മുഴുവൻ | ടീച്ചർ കുട്ടികൾ |
| ലേഖനശേഷി പരിപോഷണം | രചനാക്കുറിപ്പ് തയ്യാറാക്കൽ<br>സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ<br>ICT | IV | സെപ്റ്റംബർ മുതൽ മാർച്ച് വരെ | ടീച്ചർ കുട്ടികൾ |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം<br>എല്ലാ കുട്ടികളുടെയും രചനാ പരിചയക്കുറിപ്പ് പ്രകാശനം | III, IV<br>IV | വർഷത്തിലൊരിക്കൽ | ടീച്ചർ കുട്ടികൾ |

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനം

ഉപമേഖല - സർഗശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| അക്ഷരച്ചൂക്കൾ :- അക്ഷരങ്ങളെ തിരിച്ചറിയൽ | നക്ഷത്ര രൂപത്തിൽ കാർഡുകൾ വെട്ടിയെടുത്തതിൽ അക്ഷരങ്ങൾ കുട്ടികളുടെ വിരലുകൾ പിടിച്ച് കൊണ്ട് എഴുതൽ, വായിക്കൽ. ക്ലാസ്സുകളിൽ അക്ഷരക്കാർഡുകൾ തൂക്കിയിടൽ | I, II | 4 മാസം | ടീച്ചർ കുട്ടികൾ |
| അക്ഷരമീൻ<br>സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | മീൻ ചിത്രം പ്രദർശിപ്പിക്കൽ ശേഷം മീനിന്റെ ചിത്രത്തിൽ സ്വരാക്ഷരങ്ങളിൽ തൊടുമ്പോൾ ചിഹ്നങ്ങൾ കാണുന്നു. സ്വരാക്ഷരങ്ങൾ വായിക്കുന്നു. ചിഹ്നം മനസ്സിലാക്കുന്നു. ICT ഉപയോഗം. സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | I, II | 4 മാസം | ടീച്ചർ കുട്ടികൾ |

# English

## Activity - 1

Name : English Assembly

Sub Theme : English language learning

| Aim | Activities | Duration | class | Responsibilities |
|---|---|---|---|---|
| Language enrichment In English Promotion of LSRW | * Book reviews<br>* Importance of the day (speech)<br>* Thought of the day<br>* Newspaper reading<br>* English GK questions<br>* Conversation<br>* Poem recitation<br>* Story telling | Twice in a week | 1,2,3,4 | class teacher |

## Activity - 2

| Aim | Activities | Duration | class | Responsibilities |
|---|---|---|---|---|
| To develop the vocabulary | Dictionary making based on textbook | All days | 1,2 3,4 | class teachers |

## Activity 3 - Name class library

Sub theme : Langage learning.

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| To develop the Language enrichment | * Reading<br>* Book review<br>* Presentation | once in a week | 1, 2, 3, 4 | class teacher |

## Activity - 4

Name : English day

Subtheme : English language Learning

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| Language improvement and to develop confidence level to children | * Communication in English through out the day | once in a week | 1, 2 3, 4 | All teachers |
| | * Spocken English | once in a week | 1, 2, 3, 4 | |

## Activity - 5

Name : Poster making

Sub theme : Creativity and language learning

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| To convey ideas in English | Poster Designing | important days | 2, 3, 4 | class teacher |

## Activity - 6

Name : Communicative English

Sub theme : English Language Learning Experiences

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| To improve the communication skill | Language discources<br>Language games | once in week | 1, 2, 3, 4 | class teacher |

## Activity - 7

Name : Speak with us [e - cube]

Sub theme : English language learning

| Aim | Activities | Duration | class | Responsibility |
| --- | --- | --- | --- | --- |
| To enhance the development in English | Listening, speaking, Reading (ICT) | once in a month | 1, 2, 3, 4 | class teacher |

## Activity 8

Name : English Fest

Sub theme: Language learning

| Aim | Activities | Duration | class | Responsibility |
| --- | --- | --- | --- | --- |
| To enrich the language efficiency | * speech<br>* Story telling<br>* Drama<br>* Recitation<br>* Action song<br>* Games (language based)<br>* Riddles | | | |

## Activity - 9

Name : Boost up Children

Sub theme : To co-ordinate and a situation in real life

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| To develop the confidens level of children | Shall we lead a programme<br>* Anchoring<br>* Felicitation<br>* welcome speech<br>* vote of thanks | occasionally | 2,3,4 | class teacher |

## Activity - 10

Name : I am here with my parents

Sub theme : To increase the talents of the pupils

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| To promote the talents of students | Presentation of the skills before the CPTA members | once in a month | 1, 2, 3, 4 | class teacher |

## Activity - 11

Name : Teacher empowered programme

Sub theme : To develop confidence level among teachers

| Aim | Activities | Duration | class | Responsibility |
|---|---|---|---|---|
| To increase the confidence level in teachers | Communication in English | through out the day | | All teachers |

Activity - 12

Name : Magazine

Sub theme: Creativity and development in various fields

| Aim | Activities | Duration | class | Responsibility |
|---|---|---|---|---|
| To develop the creativity | ✓ Language Activities<br>✓ Pictures<br>✓ Stories<br>✓ Poem<br>✓ Essays | one year | 1, 2, 3, 4 | class teacher |

Activity - 13

Name : Display Board

Sub theme : Creativity

| Aim | Activities | Duration | Class | Responsibility |
|---|---|---|---|---|
| Eliciting the learners<br><br>In what has been observed sharing of ideas | ✦ Posters<br>✦ Pictures<br>✦ Notices<br><br>✦ News<br>✦ Poems<br>✦ Drawing stories | once in two months | 1,2,3,4 | class teacher |
| Assembly | English assembly | once in week | 2,3,4. | HM & Class teacher |

# പരിസ്ഥിതി പഠനം

പേര് :- ശാസ്ത്രാഭിമുഖ്യം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ശാസ്ത്രാഭിമുഖ്യം വളർത്തൽ | പ്രകൃതി നടത്തം ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം. പ്രത്യേകതകൾ മനസ്സിലാക്കാൻ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം | 1,2,3,4 ക്ലാസ്സ് | ജൂൺ - ഒക്ടോബർ | ക്ലാസ്സ് ടീച്ചേഴ്സ് |
| പരിസ്ഥിതിയെ അറിയുക സംരക്ഷിക്കുക | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ, വീട്ടിൽ പൂന്തോട്ടം ഒരുക്കാം. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ | 1,2,3,4 ക്ലാസ്സ് | ജൂൺ- മാർച്ച് | കുട്ടികൾ, രക്ഷിതാക്കൾ അധ്യാപകർ |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | ലഘു പരീക്ഷണങ്ങൾ സൗജന്യ വൈദ്യപരിശോധന നടത്തൽ | 1,2,3,4 ക്ലാസ്സ് | ജൂലൈ - മാർച്ച് | ശുചിത്വ ക്ലബ്ബ് |
| ജനാധിപത്യ ബോധം, പൗരബോധം | തെരഞ്ഞെടുപ്പ് പ്രക്രിയ മോഡൽ പാർലമെന്റ് പ്രസംഗകളരി | 1,2,3,4 ക്ലാസ്സ് | ഓഗസ്റ്റ് - ഒക്ടോബർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ശുചിത്വമുള്ള സ്കൂളും പരിസരവും ഒരുക്കിയെടുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ | 1,2,3,4 ക്ലാസ്സ് | ജൂൺ - മാർച്ച് | ശുചിത്വ ക്ലബ് |
| വാർത്താ പത്ര മാധ്യമത്തിലൂടെ അറിവു നേടൽ | ദിനപത്രങ്ങൾ സ്വയം വായിച്ചും രക്ഷിതാക്കളുടെ സഹായത്തോടെ നല്ല വാർത്തകൾ തിരിച്ചറിഞ്ഞും, എഴുതി തയ്യാറാക്കൽ, അവതരിപ്പിക്കൽ | 3,4 ക്ലാസ്സ് | ദിനം പ്രതി | കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| ചരിത്രബോധം | പുരാവസ്തു പ്രദർശനം, മ്യൂസിയം സന്ദർശനം സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | 3,4 ക്ലാസ്സ് | ജൂൺ - ഒക്ടോബർ | അധ്യാപകർ, രക്ഷിതാക്കൾ |
| പുസ്തക പരിചയം വായനാനുഭവം പങ്കുവയ്ക്കൽ | വായിച്ച പുസ്തകത്തെ കുറിച്ച് അനുഭവകുറിപ്പ് വിദ്യാലയത്തിന് മുൻപാകെ അവതരിപ്പിക്കൽ | 2,3,4 ക്ലാസ്സ് | മാസത്തിലൊരിക്കൽ | കുട്ടികൾ രക്ഷിതാക്കൾ അധ്യാപകർ |
| ഭൂപട വായനാശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ, ഭൂപട പസിൽ നിർമ്മാണം അറ്റ്ലസ് നിർമ്മാണം ഗ്ലോബ് നിർമ്മാണം | 3,4 ക്ലാസ്സ് | നവംബർ - മാർച്ച് | കുട്ടികൾ അധ്യാപകർ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തൽ | ഫീൽഡ് ട്രിപ്പ് ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പക്ഷി നിരീക്ഷണം | 1,2,3,4 ക്ലാസ് | ഡിസംബർ – മാർച്ച് | അധ്യാപകർ PTA |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം, വ്യക്തി ശുചിത്വം, ക്ലാസ് റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | 1,2,3,4 ക്ലാസ് | ജൂലൈ – ഫെബ്രുവരി | അധ്യാപകർ |

# ഗണിതം

## പ്രവർത്തനം 1

പേര് : ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | വിദ്യാലയത്തിൽ ഒരു ഗണിതലാബ് സജ്ജമാക്കൽ. ലാബിലെ സാധനങ്ങളുപയോഗിച്ച് ഗണിത ക്ലാസ്സ് നടത്തൽ. | 1,2,3,4 | ആവശ്യാനുസരണം | SRG ഗണിത ക്ലബ്ബ് |

## പ്രവർത്തനം 2

പേര്: ഗണിത മൂല

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിത പഠനത്തിൽ കൗതുകം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, വസ്തുക്കൾ, രൂപങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് കാണാനും ഉപയോഗിക്കാനും ഉതകുന്ന രീതിയിൽ സജ്ജീകരിക്കൽ. | 1,2,3,4 | ഒരു ടേമിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

## പ്രവർത്തനം 3

പേര് : ഗണിത ക്വിസ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ആർജ്ജിച്ച അറിവുകളുടെ പ്രയോഗം | ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | 1,2,3,4 | മാസത്തിലൊരിക്കൽ | ഗണിത ക്ലബ്ബ് ക്ലാസ് ടീച്ചർ |

## പ്രവർത്തനം 4

പേര് : ഗണിത കയ്യെഴുത്ത് മാസിക

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിതം ലളിതമാക്കൽ | ഗണിതവുമായി ബന്ധപ്പെട്ട കുസൃതി ചോദ്യങ്ങൾ, കുട്ടിക്കവിതകൾ ചിത്രങ്ങൾ, പ്രശസ്ത ഗണിത ശാസ്ത്രജ്ഞന്മാരുടെ ചരിത്രം ഉൾപ്പെടുത്തിയ കയ്യെഴുത്ത് പ്രസിദ്ധീകരണം. | 1,2,3,4 | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

## പ്രവർത്തനം 5

പേര് : ഗണിത കളികൾ

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം വളർത്തുന്നതിന് | ഒന്ന്, രണ്ട് ക്ലാസ്സുകളിൽ സംഖ്യാബോധം, ആരോഹണം, അവരോഹണം പരിചയപ്പെടുത്തുന്നു. കളികൾ - പാമ്പും കോണിയും, ഡൈസ്, കൂട്ടുകാരെ കണ്ടെത്തൽ, 3,4 ക്ലാസ്സുകളിൽ ബാങ്കിംഗ്, കളിനോട്ടുകൾ ഉപയോഗിച്ചുള്ള കളി | 1,2,3,4 | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |

## പ്രവർത്തനം - 6

പേര് : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | അസംബ്ലിയിൽ ലഘു പ്രസംഗം<br>നോട്ടീസ് ബോർഡിൽ കുറിപ്പ് എഴുതിയിടൽ | 1,2,3,4 | മാസത്തിലൊരിക്കൽ | ഗണിത ക്ലബ്ബ്<br>ക്ലാസ്സ് ടീച്ചർ |

## പ്രവർത്തനം 7

പേര് : വിവര സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ICT സാധ്യത ഉപയോഗപ്പെടുത്തി ഗണിത പഠനം | സോഷ്യൽ മീഡിയയുടെ സഹായത്താൽ സംഖ്യാബോധം, പാറ്റേണുകൾ, ജ്യാമിതീയ രൂപങ്ങൾ, ഭിന്ന സംഖ്യകൾ, സങ്കലനം, വ്യവകലനം കുട്ടികൾക്ക് പരിചയമാക്കുന്നതിന് | 1,2,3,4 | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 8

പേര് : ഗണിത ശാസ്ത്രമേള

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിതം നിത്യജീവിതവുമായി ബന്ധമുള്ളതാണ് എന്ന് മനസ്സിലാക്കൽ | സ്കൂൾതല ഗണിത ശാസ്ത്ര മേളയിൽ പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | 1,2,3,4 | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് SRG PTA |

## പ്രവർത്തനം 9

പേര് : ശില്പശാല

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളൂടെ വികാസവും | പേപ്പർ ക്രാഫ്റ്റിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തുന്നു. | 1,2,3,4 | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>PTA<br>OSA |

## പ്രവർത്തനം 10

പേര് : ചിത്രരചന

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തി ചിത്രരചന | ജ്യാമിതീയ പാറ്റേണുകൾ തയ്യാറാക്കൽ. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കൽ. | 1,2,3,4 | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 11

പേര് : അബാക്കസ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| അബാക്കസ് ഉപയോഗിച്ചു കൊണ്ടുള്ള ഗണിത പഠനം | അബാക്കസിന്റെ സഹായത്താൽ ഗണിത ക്രിയകളിൽ കൃത്യതയും വേഗതയും കൈവരിക്കുന്നു. | 1,2,3,4 | ആഴ്ചയിൽ ഒരു ദിവസം | SRG |

## പ്രവർത്തനം 12

പേര് : നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിത ഉപകരണങ്ങളുടെ നിർമ്മാണം ഉപയോഗപ്പെടുത്തൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്, അബാക്കസ്, ക്ലോക്ക്, സ്കെയിൽ, അളവുപാത്രങ്ങൾ, ഘനക്കട്ടികൾ എന്നിവയുടെ നിർമ്മാണം. | 1,2,3,4 | ആവശ്യാനുസരണം. | PTA ക്ലാസ് ടീച്ചർ |

## പ്രവർത്തനം 13

പേര് : മെട്രിക് മേള

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവുകളും അടിക്കുന്നതിനുള്ള ഇടങ്ങൾ അവസരമൊരുക്കൽ | മൂർത്തവസ്തുക്കൾ, ചിത്രങ്ങൾ ഉപയോഗിച്ച് അളവുകളെ പരിചയപ്പെടുത്തൽ, നീളം അളക്കൽ, വെള്ളം അളക്കൽ, കളിച്ചുകൊണ്ട് ഇടങ്ങി പ്രവർത്തനങ്ങൾ ഒരുക്കൽ | 1,2,3,4 | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ഗണിത ക്ലബ്ബ് |

## പ്രവർത്തനം 14

പേര് : സംഖ്യാ പോക്കറ്റ് നിർമാണം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| സ്ഥാനവിലകൾ ഉറപ്പിക്കുന്നതിന് | ചതുഷ്ക്രിയകൾക്ക് അനുയോജ്യമായ രീതിയിൽ സംഖ്യാപോക്കറ്റുകൾ നിർമിക്കുന്നു. കുട്ടികൾ വിവിധ സങ്കലന, വ്യവകലന ക്രിയകൾ ചെയ്യുന്നു. | 1,2,3,4 | എല്ലാ ആഴ്ചയും | ക്ലാസ്സ് ടീച്ചർ |

# കലാ കായിക വിദ്യാഭ്യാസം

## പേര് : ആരോഗ്യ കായിക കലാ പഠനം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല |
|---|---|---|---|---|
| ഹൃദയശ്വസന ക്ഷമത, കായിക ശേഷി, സർഗാത്മക ശേഷി വർധിപ്പിക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കരാട്ടെ ഡാൻസ് പരിശീലനം.<br>അസംബ്ലിയിൽ 15 മിനിറ്റ് എയ്റോബിക്സ് പരിശീലനം | 1,2,3,4 | ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും | PTA<br>ടീച്ചർമാർ. |